‘ഭരണഭാഷ - മാതൃഭാഷ’
പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
4-ാം നില, വികാസ് ഭവൻ, തിരുവനന്തപുരം. 695 033.
ഫോൺ: 0471-2304594 ഇ-മെയിൽ: keralatribes@gmail.com

---

നമ്പർ ഇ3-304/22 തീയതി: 07-02-2022.

# വിജ്ഞാപനം

## പട്ടികവർഗ വികസന വകുപ്പിൽ എസ്.ടി പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാർ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ഐ.റ്റി.ഡി പ്രോജക്ട് ഓഫീസുകൾ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസുകളുടെ കീഴിൽ നിലവിലുള്ള പട്ടികവർഗ പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരുടെ 1182 ഒഴിവുകളിലേക്ക് നിയമിക്കപ്പെടുന്നതിന് പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. വിവിധ ക്ഷേമ വികസന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ പട്ടികവർഗക്കാരിൽ എത്തിക്കുന്നതിനും, സർക്കാരിന്റെ വിവിധ വകുപ്പുകൾ, ഏജൻസികൾ തുടങ്ങിയവ നടത്തുന്ന വിവിധ ക്ഷേമപ്രവർത്തനങ്ങൾ പട്ടികവർഗ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും, സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പട്ടികവർഗക്കാർക്ക് ചികിത്സ ഉറപ്പു വരുത്തുന്നതിനുമായി സേവനസന്നദ്ധതയുള്ളവരും 10-ാംക്ലാസ്സ് വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് അപേക്ഷിക്കാവുന്നതാണ്. പി.വി.റ്റി.ജി/അടിയ/പണിയ/മലപണ്ടാര വിഭാഗങ്ങൾക്ക് 8-ാംക്ലാസ്സ് യോഗ്യത മതിയാവും. പ്രായപരിധി 20നും 35നും മദ്ധ്യേയാണ്. ഹെൽത്ത് പ്രൊമോട്ടർമാരായി പരിഗണിക്കപ്പെടുന്നവർക്ക് നെഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ചവർക്കും, ആയുർവേദം/പാരമ്പര്യവൈദ്യം എന്നിവയിൽ പ്രാവീണ്യം നേടിയവർക്കും മുൻഗണന നൽകുന്നതാണ്. എഴുത്തുപരീക്ഷയുടെയും നേരിട്ടുള്ള അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും നിയമനം. അപേക്ഷ ഓൺലൈൻ വഴി **www.cmdkerala.net, stdd.kerala.gov.in** എന്നീ വെബ്സൈറ്റ് മുഖേന സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷകരുടെ താമസപരിധിയിൽപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് തെരഞ്ഞെടുക്കേണ്ടതാണ്. അതാത് സെറ്റിൽമെന്റിൽ നിന്നുള്ളവർക്ക് നിയമനത്തിൽ മുൻഗണന നൽകുന്നതായിരിക്കും. ഒരാൾ ഒന്നിലധികം അപേക്ഷ സമർപ്പിക്കുവാൻ പാടില്ല. **അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 28/02/2022 ന് വൈകുന്നേരം 5.00മണി.** നിയമന കാലാവധി ഒരു വർഷമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് അതാത് പ്രോജക്ട് ഓഫീസിലോ /ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിലോ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിലോ/ പട്ടികവർഗ വികസന ഡയറക്ടറാഫീസിലോ ബന്ധപ്പെടാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം ടി.എ ഉൾപ്പെടെ 13,500/- രൂപ ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

***ഫോൺ നമ്പർ 0471-2304594***

ഡയറക്ടർ

(എല്ലാ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർക്കും
ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ മുഖാന്തിരം വ്യാപകമായ പരസ്യം നൽകി
അപേക്ഷകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾക്കായി), തൊഴിൽവാർത്ത.

എം.ബി- 4.2.22